നം. സി.ഇ.ഇ/1717/2010/കെഇഎഎം-2011/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## <u>വിജ്ഞാപനം</u>

## കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനം 2011 : മൂന്നാം ഘട്ട അലോട്ടുമെന്റ് പ്രസിദ്ധീകരിച്ചു

2011 ലെ വിവിധ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ടുമെന്റിലേക്ക്, വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും 24.08.2011 മുതൽ 26.08.2011 വരെ സൗകര്യം നൽകിയിരുന്നു. ആഗസ്റ്റ് 26-ാം തീയതി വൈകുന്നേരം 5 മണി വരെ രജിസ്റ്റർ ചെയ്ത ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള മൂന്നാം ഘട്ട അലോട്ടുമെന്റ് **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഇതിന്റെ പ്രിന്റൗട്ട് വിദ്യാർത്ഥിക്ക് എടുക്കാവുന്നതാണ്.

മൂന്നാം ഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഫീസ്/അധിക ഫീസ്/ഡെപ്പോസിറ്റ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ **31.08.2011, 01.09.2011, 02.09.2011** എന്നീ തീയതികളിൽ ഒടുക്കേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. മുൻ അലോട്ടുമെന്റുകളിൽ അലോട്ടുമെന്റ് ലഭിച്ച് ഫീസ് ഒടുക്കിയവരും മൂന്നാം ഘട്ട അലോട്ടുമെന്റ് പ്രകാരം കോളേജ്/കോഴ്സ് മാറ്റം ലഭിച്ചവർ/പുതുതായി അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ **01.09.2011, 02.09.2011** എന്നീ തീയതികളിൽ അതതു കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. കോളേജുകളിൽ പ്രവേശനം നേടേണ്ട സമയക്രമം ചുവടെ ചേർക്കുന്നു:

| **Date & Time of Joining All Engineering Colleges** | | |
|---|---|---|
| **Time** | **01.09.2011** | **02.09.2011** |
| **9 am** | Computer Science Engineering(**CS**)<br>Applied Electronics (**AE**)<br>Aeronautical Engineering (**AO**)<br>Architecture (**AR**)<br>Mechanical Production Engineering (**MP**) | Electronics & Communication Engineering (**EC**)<br>Bio-Technology (**BT**)<br>Chemical Engineering (**CH**)<br>Electronics & Instrumentation (**EI**)<br>Food Technology (**FT**)<br>Polymer Engineering (**PO**) |
| **1 pm** | Electrical & Electronics (**EE**)<br>Civil Engineering (**CE**)<br>Automobile Engineering (**AU**)<br>Bio Medical Engineering (**BM**)<br>Production Engineering (**PE**) | Mechanical Engineering (**ME**)<br>Information Technology (**IT**)<br>Mechanical Automobile (**MA**)<br>Instrumentation & Control Engineering (**IC**)<br>Industrial Engineering (**IE**)<br>Printing Technology (**PT**) |
| **<u>Date of Joining Other Courses</u> :**<br>▪ MBBS (**MM**)<br>▪ BDS (**MD**)<br>▪ BSc. Hons. (Agriculture) (**AA**)<br>▪ BVSc. & AH (**AV**)<br>▪ BHMS (**BH**)<br>▪ BFSc. (**AF**)<br>▪ B.Tech Agricultural Engineering (**AG**)<br>▪ B.Tech Food Engineering (**FE**)<br>▪ BSc. Hons. (Forestry) (**FR**)<br>▪ Dairy Science & Technology(**DS**) | | **01.09.2011 & 02.09.2011** |
| **All Colleges to furnish non-joining report to the CEE** | | **06.09.2011** |

നിശ്ചിത സമയത്തിനുള്ളിൽ അവരവരുടെ ഹോം പേജിൽ നിഷ്കർഷിക്കുന്ന ഫീസ്/അധിക ഫീസ്/ഡെപ്പോസിറ്റ് ഒടുക്കാത്തതും കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടാത്തതുമായ വിദ്യാർത്ഥികളുടെ അലോട്ടുമെന്റും, അവരുടെ എല്ലാ ഹയർ ഓർഡർ ഓപ്ഷനുകളും റദ്ദു ചെയ്യുന്നതാണ്.

**06.09.2011 ന് വൈകുന്നേരം 5 മണിക്കു മുമ്പ്** എല്ലാ കോളേജ് അധികാരികളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നോൺ ജോയിനിംഗ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

മൂന്നാം ഘട്ട അലോട്ടുമെന്റ് പ്രകാരം, രണ്ടാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിരുന്ന 75 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ, അലോട്ടുമെന്റ് ലഭിച്ച് ഫീസ് ഒടുക്കിയതിനുശേഷം അലോട്ടുമെന്റ് ക്യാൻസൽ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള പ്രൊഫോർമ പൂരിപ്പിച്ച്, **13.09.2011** ന് വൈകുന്നേരം 5 മണിക്കു മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. **അലോട്ടുമെന്റ് ക്യാൻസൽ ചെയ്യുന്നവരുടെ നിലവിലുള്ള അലോട്ടുമെന്റും എല്ലാ ഹയർ ഓപ്ഷനുകളും റദ്ദ് ചെയ്യുന്നതാണ്.** ഫാക്സ് മുഖേന ലഭിക്കുന്ന അലോട്ടുമെന്റ് ക്യാൻസൽ ചെയ്യാനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല. **13.09.2011** നുശേഷം ഈ 75 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേക്കുള്ള അലോട്ടുമെന്റ് ക്യാൻസലേഷൻ അനുവദിക്കുന്നതല്ല.

അടുത്ത ഒരു അലോട്ടുമെന്റോടുകൂടി (നാലാം ഘട്ട അലോട്ട്മെന്റ്) രണ്ടാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിരുന്ന 75 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അലോട്ട്മെന്റ് നടപടികൾ അവസാനിക്കുന്നതാണ്. നാലാം ഘട്ട അലോട്ട്മെന്റ് പ്രകാരം ഈ 75 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും അലോട്ടുമെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം പ്രോസ്പെക്ടസിലെ ക്ലോസ് 12.2.4 (c) പ്രകാരമുള്ള പിഴ നൽകാൻ ബാധ്യസ്ഥരായിരിക്കും.

എഞ്ചിനീയറിംഗ് കോഴ്സുകൾക്കുള്ള അലോട്ടുമെന്റ് ബഹു:ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളിലെ വിധിക്ക് വിധേയമായിരിക്കുന്നതാണ്.

നാലാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ **സെപ്റ്റംബർ 12-ാം** തീയതി ആരംഭിക്കുന്ന താണ്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ്സൈറ്റിലും ലഭിക്കുന്നതാണ്. ഹെൽപ്പ് ലൈൻ നമ്പർ : **0471 - 2339101, 2339102, 2339103, 2339104** (രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ).

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
29.08.2011